വകുപ്പുമന്ത്രി നൽകിയ മറുപടി വസ്തുതാപരമായി തെറ്റാണെന്നും ഇപ്രകാരം കരുതിക്കൂട്ടി തെറ്റായ വിവരം നൽകിയത് സഭയിൽനിന്നു യഥാർത്ഥ വിവരം മറച്ചുവയ്ക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണെന്നും ആയതിനാൽ വിദ്യാഭ്യാസ മന്ത്രിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സി. പി. ബാലൻ വൈദ്യർ 3-1-1996-ൽ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണം തേടുകയുണ്ടായി. അദ്ദേഹം നൽകിയ മറുപടിയിൽ, നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങളൊന്നും താൻ നൽകിയിട്ടില്ലെന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ വസ്തുതയാണ് സഭയെ അറിയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയിരുന്നു. ആർ. ഇ. സി.-യിലെ അദ്ധ്യാപക നിയമനങ്ങളിൽ തുടക്കം മുതൽ ഒരു കാലഘട്ടത്തിലും സംവരണതത്വം നടപ്പിലാക്കിയിരുന്നില്ലെന്ന് തെളിയിക്കുന്നതിനുള്ള രേഖകളും മന്ത്രി ഹാജരാക്കിയിട്ടുണ്ട്.

മന്ത്രിയുടെ വിശദീകരണം സൂക്ഷ്മമായി വിശകലനം ചെയ്തതിൽ അദ്ദേഹത്തിന്റെ മറുപടിയിൽ സഭയെ മനഃപൂർവ്വമായി തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമമുള്ളതായി ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. സി. പി. ബാലൻ വൈദ്യരുടെ അവകാശലംഘന പ്രശ്നത്തിനുള്ള നോട്ടീസിനു അനുമതി നിഷേധിക്കുന്നു.

VIII. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കാര്യോപദേശക സമിതിയുടെ 33-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ സ്പെഷ്യൽ റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളുടെ അപാകതകളും, പോരായ്മകളും പരിഹരിക്കുന്നതിനെ സംബന്ധിച്ച സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly